**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5456**

**01.07.2014 - ലെ മറുപടിക്ക്**

# സിഡ്കോ നടപ്പാക്കുന്ന പദ്ധതികൾ

ചോദ്യം
ശ്രീ. പി. ഉബൈദുള്ള
ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

മറുപടി
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സിഡ്കോ ചെറുകിട വ്യവസായ മേഖലയ്ക്ക് വേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ ; | (എ) : സിഡ്കോ ചെറുകിട വ്യവസായ മേഖലയ്ക്ക് വേണ്ടി അങ്കമാലി, അത്താണി, മുടാടി, കുന്നന്താനം, ഷൊർണ്ണൂർ, തിരുവാർപ്പ് എന്നിവിടങ്ങളിലായി 7 (ഏഴ്) വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിലും ആലപ്പുഴ ജില്ലയിലെ കണിച്ചുകുളങ്ങരയിലും വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ ; | (ബി): സിഡ്കോയുടെ കീഴിലുള്ള 17 വ്യവസായ എസ്റ്റേറ്റുകളിൽ നിന്ന് ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ ഭൂമി, ഷെഡ് എന്നിവ അടിസ്ഥാന സൗകര്യങ്ങളോട്ടുകൂടി അനുവദിച്ചു നൽകി വരുന്നു. ഏകദേശം 800 -ഓളം ചെറുകിട വ്യവസായ യൂണിറ്റുകൾ ടി എസ്റ്റേറ്റുകളിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) ചെറുകിട വ്യവസായങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ വിപണനത്തിന് എന്തൊക്കെ സൗകര്യങ്ങളും സൗജന്യങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി): സിഡ്കോ മാർക്കറ്റിങ് ഡിവിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായികൾ ഉല്പാദിപ്പിക്കുന്ന സ്റ്റീൽ, വുഡ് ഫർണിച്ചർ സർക്കാർ നിശ്ചയിക്കുന്ന വിലയിൽ സർക്കാർ,അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് മൂലം ചെറുകിട വ്യവസായികൾക്ക് ന്യായമായ വില ലഭിക്കുവാൻ അവസരം ഉണ്ടാക്കുന്നു. |

സെക്ഷൻ ഓഫീസർ.